LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് പ്രിവന്റീവ് ആഫീസർ നിയമനം

115 (4171) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ ദിവസം പി.എസ്.സി.-യിൽ നിന്നും എക്സൈസ് പ്രിവന്റീവ് ആഫീസർ തസ്തികയിലേക്ക് 158 പേർക്ക് അഡ്വൈസ് ചെയ്തിട്ട് ആയതിൽ നിന്നും 98 പേർക്ക് മാത്രം നിയമനം നൽകുകയും ബാക്കി പേർക്ക് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുകയുള്ളൂ എന്ന് തീരുമാനമുണ്ടോ ; എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 29-3-2010-ൽ നൽകിയിട്ടുള്ള അഡ്വൈസിന്റെ കാലാവധി കഴിഞ്ഞിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 29-3-2010-ൽ പി.എസ്.സി., 158 ഉദ്യോഗാർത്ഥികളെ പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് അഡ്വൈസ് ചെയ്തിരുന്നു. ടി തസ്തികയിൽ നിയമനം നടത്താൻ 95 ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളത്. ബാക്കി 63 തസ്തികകളിലേക്ക്, പ്രിവന്റീവ് ഓഫീസറായി താൽക്കാലിക പ്രൊമോഷൻ വാങ്ങിയ എക്സൈസ് ഗാർഡുമാർ ബഹു. ഹൈക്കോടതിയിൽ നിന്നും തരംതാഴ്ത്തുന്നതിനെതിരെ സ്റ്റേ വാങ്ങിയിട്ടുള്ളതിനാൽ, ബഹു. ഹൈക്കോടതിയുടെ സ്റ്റേ നീക്കിയാൽ മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നിലവിലുള്ള 95 ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്തവരിൽ നിന്നും സീനിയർ ആയിട്ടുള്ള 95 പേരെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ബാക്കിയുള്ളവരെ കോടതി സ്റ്റേ ഒഴിവാക്കുന്ന മുറയ്ക്ക് നിയമിക്കുന്നതാണ്. കോടതി സ്റ്റേ ഒഴിവാക്കുന്നതിന് ഡിപ്പാർട്ടുമെന്റ് സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അഡ്വൈസ് ചെയ്തതിനുശേഷം 3 മാസം കഴിഞ്ഞതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നുമാസത്തിനുശേഷവും നിയമനം നടത്തുന്നതിന് നിയമതടസ്സമില്ല.

എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം

116 (4172) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മാർച്ച് 31-ന് 41 എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും 26 ഒഴിവുകൾ മാത്രം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന് കാരണം എന്ത് എന്ന് വ്യക്തമാക്കുമോ ;

(ബി) ബാക്കി ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ജി.ഒ. (എം എസ്) നമ്പർ 146/2010 തീയതി 11-6-2010 പ്രകാരം എത്ര പേർക്ക് നിയമനം നൽകി പരിശീലനത്തിന് അയച്ചുവെന്ന് വ്യക്തമാക്കുമോ ; അതിൽ എത്ര പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയി

ട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; ഒഴിവുകൾ നികത്തിയുള്ളവർ ഏതടിസ്ഥാനത്തിലാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) 2011 മാർച്ച് 31-ന് ഉണ്ടായേക്കാവുന്ന എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ 2010 ജൂലൈ 31-ന് മുൻപ് ബന്ധപ്പെട്ട മേലധികാരികൾ വഴി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഇ) നിലവിൽ പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) കേഡർ സ്ട്രങ്ത് മെയിന്റയിൻ ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് നിലവിൽ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ; ആയതിന്റെ മാനദണ്ഡം എന്താണ് എന്ന് വിശദമാക്കുമോ ;

(ജി) കേഡർ സ്ട്രങ്ത് മെയിന്റയിൻ ചെയ്യുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; ആയതുകൊണ്ട് സർക്കാരിന് എന്താണ് ലാഭം എന്ന് വ്യക്തമാക്കുമോ ; നഷ്ടം ഉണ്ടെങ്കിൽ എന്ത് ;

(എച്ച്) 1-4-2010 നും 28-6-2010-നും ഇടയ്ക്ക് കേഡർ സ്ട്രങ്ത് മെയിന്റയിൻ ചെയ്യുന്നതിലേക്ക് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; ആയതിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സൈസ് ഇൻസ്പെക്ടർമാരുടെ വിരമിക്കൽ/പ്രൊമോഷൻ എന്നിവ മൂലമുണ്ടായ 26 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഉയർന്ന തസ്തികയിൽ വിരമിക്കൽ/പ്രൊമോഷൻ എന്നിവ മൂലമുണ്ടായ 15 ഒഴിവുകളിൽ 9 എണ്ണം സസ്പെൻഷൻ, അവധി മുതലായ കാരണങ്ങളാൽ സർവ്വീസിനു പുറത്തുനിൽക്കുന്ന എക്സൈസ് ഇൻസ്പെക്ടർക്ക് മുകളിലുള്ള ഉയർന്ന റാങ്കുള്ള ഉദ്യോഗസ്ഥന്മാരെ പുനഃപ്രവേശിപ്പിക്കാനായി മാറ്റി വച്ചിരിക്കുകയാണ്. ശേഷിക്കുന്ന 6 ഒഴിവുകളിൽ 2 എണ്ണം റിട്ടയർമെന്റ് പ്രായം ഏകീകരിച്ചതുമൂലമുണ്ടായ നിയമന നഷ്ടം ഒഴിവാക്കാൻ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിച്ചിട്ടുള്ളതാകുന്നു. നിലവിൽ 4 ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ളത്.

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് ഉടനടി റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) 11-6-2010-ലെ ജി.ഒ (എം എസ്) നമ്പർ 146/10/നി.വ. പ്രകാരം ആർക്കും തന്നെ നിയമനം നൽകുകയോ പരിശീലനം നൽകുകയോ ചെയ്തിട്ടില്ല. മേൽ ഉത്തരവ്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിനുള്ള ഉത്തരവ് ആണ്. ആയത് പ്രകാരം, 49 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്ക് എക്സൈസ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 4 എണ്ണം. കൂടാതെ ജി.ഒ.(എം എസ്)നമ്പർ 180/10/നി.വ. തീയതി 9-7-2010 പ്രകാരം പുതിയതായി സൃഷ്ടിച്ച 31 എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾകൂടി സ്പെഷ്യൽ റൂളിൽ വിഭാവന ചെയ്തിരിക്കുന്ന റേഷ്യോ പ്രകാരം നികത്തുവാനുണ്ട്.

(എഫ്) 4-6-2008-ലെ ജി.ഒ.(പി) നമ്പർ 113/08/നി.വ. ഉത്തരവ് പ്രകാരം, പ്രൊമോഷൻ വഴിയും നേരിട്ടുള്ള നിയമനങ്ങൾക്കും 1:1 റേഷ്യോ ആയി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുള്ളതാകുന്നു. സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരമുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ജി) ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരമാണ് കേഡർസ്ട്രെങ്ത് നിശ്ചയിച്ചിട്ടുള്ളത്.

(എച്ച്) പ്രസ്തുത കാലയളവിൽ ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. 31-3-2010-ൽ ഒഴിവുണ്ടായ തസ്തികകളിൽ സൂപ്പർ ന്യൂമററിയായി വന്നവ പി.എസ്.സി.ക്ക് നേരത്തേ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

എക്സൈസ് ഡിപ്പാർട്ട്മെന്റിൽ വനിതാ ഗാർഡുമാരെ നിയമിക്കുന്നതിന് നടപടി

117 (4173) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ വനിതാ ഗാർഡുമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) നിലവിൽ 10% ഒഴിവുകൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ടോ ;

(സി) ഇങ്ങനെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) പി.എസ്.സി.-യുടെ നോട്ടിഫിക്കേഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly